സർക്കാർ ഭൂമി കയ്യേറിയവരെ ഒഴിപ്പിക്കുന്നതിന് നടപടി

79 (260) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. മാധാകൃഷ്ണൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ വാഗമൺ പ്രദേശത്ത് സർക്കാർ ഭൂമി കയ്യേറിയവരെ ഒഴിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) വ്യാജപേരിൽ ഭൂമി കയ്യേറിയ സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യാജപേരുകളിൽ ഭൂമി കയ്യേറിയത് ആരാണെന്ന് അന്വേഷിച്ചു കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) വാഗമണിൽ എത്ര ഏക്കർ ഭൂമി കയ്യേറിയതായിട്ടാണ് സർക്കാരിന് ലഭിച്ചിട്ടുള്ള വിവരം; ആരൊക്കെയാണ് ഭൂമി കയ്യേറിയിട്ടുള്ളത് ;

(ഡി) വാഗമണിലെ ജൈവവൈവിദ്ധ്യം കണക്കിലെടുത്ത് മുഴുവൻ സർക്കാർ ഭൂമിയും വീണ്ടെടുക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ;

(ഇ) സർക്കാർ ഭൂമി കയ്യേറുന്നത് തടയുന്നതിന് കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തി ഭൂസംരക്ഷണ നിയമം ഭേദഗതി ചെയ്യുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഭൂമി സംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. സ്ഥലപരിശോധന നടത്തി രേഖകളുമായി ഒത്തുനോക്കി വ്യാജ പേരിൽ സ്ഥലം കൈവശം വച്ചിരിക്കുന്നവരെ കണ്ടുപിടിക്കുന്നതിനായി സർവ്വേ വിഭാഗത്തെ ചുമതലപ്പെടുത്തുകയും 50 ഏക്കർ ഭൂമി അനധികൃത കയ്യേറ്റമെന്ന് കണ്ടെത്തി ഒഴിപ്പിച്ചിട്ടുള്ളതുമാകുന്നു.

(സി) അന്വേഷണ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ കൃത്യമായ വിസ്തൃതി തിട്ടപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഇതുസംബന്ധിച്ച വിശദമായ അന്വേഷണം നടന്നുവരുന്നു.

(ഡി) ഭൂമി വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) ഭൂസംരക്ഷണ നിയമത്തിൽ ഭേദഗതി നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

റവന്യൂ, വനം വകുപ്പുകളുടെ വനഭൂമിയിലെ ജോയിന്റ് വെരിഫിക്കേഷൻ

80 (262) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ എത്ര ഹെക്ടർ വനഭൂമിയിലാണ് റവന്യൂ, വനം വകുപ്പുകൾ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയത് ;

LIBRARY ARCHIVES Kerala Legislative Assembly